ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിക്കര നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രത്തിൽ നാടക പരിശീലനത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം സർക്കാർ 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കലാകാരന്മാർക്ക് പെൻഷൻ

66 (3268) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് പെൻഷൻ നല്കി വരുന്നതെന്നും പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും ഇവർ ഏതെല്ലാം കലകളെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8-11-1999-ലെ സ.ഉ.(എംഎസ്.) നമ്പർ 49/99/സി.എ.ഡി. ഉത്തരവ് പ്രകാരമാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്. ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കലാരംഗങ്ങളിൽ ഉള്ളവർക്കും പെൻഷൻ അനുവദിക്കുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) 2015 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് നിലവിൽ 2940 കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും 2917 കലാകാരന്മാർക്ക് മാത്രമേ പെൻഷൻ നൽകി വരുന്നുള്ളൂ. രേഖകൾ സമർപ്പിക്കാത്ത 23 പേരുടെ പെൻഷൻ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അവർക്ക് നൽകുന്നതാണ്. ഇവർ സംഗീതം, നാടകം, നൃത്തം, സാഹിത്യം, കരകൗശലം, പുരാണ പാരായണം, നാടൻ കലകൾ, ക്ഷേത്ര കലകൾ തുടങ്ങിയ വിവിധ കലകളെയാണ് പ്രതിനിധാനം ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly